16 കാര്യങ്ങളിൽ 13 ഇനങ്ങൾ അടിയന്തരമായി ചെയ്യണമെന്നും സാങ്കേതികമായ 3 കാര്യങ്ങളിൽ അവർക്ക് അല്പം സമയം വേണ്ടതുള്ളതുകൊണ്ട് 45 ദിവസത്തെ സമയം കൊടുത്തിരിക്കുകയുമാണ്. കഞ്ചിക്കോട് സ്ഥാപനം നമ്മുടെ കണ്ണ് ഉറപ്പിച്ചതാണ്. അവിടെ മാത്രമല്ല കേരളത്തിൽ പ്രവർത്തിക്കുന്ന ഒരു ഇരുമ്പുരുക്ക് സ്ഥാപനവും ഈ വ്യവസ്ഥകൾ പാലിക്കാതെ പ്രവർത്തിക്കാൻ ഗവൺമെന്റ് അനുവദിക്കുന്നതല്ല എന്ന് അസന്നിഗ്ധമായി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

(13) ഇളമ്പുക്കോട് ഇക്കോടൂറിസം കേന്ദ്രമാക്കേണ്ടത് സംബന്ധിച്ച്

ശ്രീ. വർക്കല കഹാർ: സർ, എന്റെ നിയോജകമണ്ഡലത്തിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ ഏതാണ്ട് 350 ഏക്കറോളം വിസ്തൃതിയിലുള്ള സംരക്ഷിത വനപ്രദേശമാണ് ഇളമ്പുക്കോട്. ഒറ്റപ്പെട്ട വനമായതിനാൽ സംരക്ഷണത്തിനായി പ്രത്യേകിച്ച് ഒരു സംവിധാനവുമില്ല. കല്ലടത്തണ്ണിയാർ കടന്നുപോകുന്നത് ഇതിന്റെ സമീപത്തുകൂടിയാണ്. ഒരു ഇക്കോ ടൂറിസം കേന്ദ്രമാക്കി ഇതിനെ മാറ്റിയാൽ സ്വാഭാവികത നിലനിർത്തിക്കൊണ്ടുതന്നെ വിനോദസഞ്ചാരികൾക്കും പ്രകൃതി സ്നേഹികൾക്കും ആകർഷകമായ ഒന്നാക്കി മാറ്റാൻ സാധിക്കും. അതുകൊണ്ട് ഇളമ്പുക്കോട് വനത്തിന്റെ സ്വാഭാവിക പരിസ്ഥിതി നിലനിർത്തിക്കൊണ്ടുതന്നെ ഇതിനെ ഒരു ഇക്കോ ടൂറിസം കേന്ദ്രമാക്കാനുള്ള നടപടി സ്വീകരിക്കണം. അതോടൊപ്പം മറ്റൊരു കാര്യം, നമ്മുടെ സംസ്ഥാനത്ത് നാഷണൽ പാർക്കുകളില്ല. ബാംഗ്ലൂരിലുണ്ട്, ബാംഗ്ലൂർ ബനാർഘട്ട് നാഷണൽ പാർക്ക്, ആസാമിൽ കാശിരംഗ നാഷണൽ പാർക്ക്. നമ്മുടെ സംസ്ഥാനത്ത് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും ടൂറിസത്തിന് കൂടുതൽ മുന്നേറ്റം നൽകുന്നതിനും ഇത് വളരെ സഹായകരമായിരിക്കും. ബാംഗ്ലൂർ ബനാർഘട്ട് നാഷണൽ പാർക്കിന്റെ മാതൃകയിൽ ഈ പ്രദേശത്തിന്റെ സ്വാഭാവികത സംരക്ഷിക്കുന്ന രീതിയിൽ ഒരു വൈൽഡ്‌ലൈഫ് സഫാരി പാർക്ക് ആക്കി മാറ്റുവാൻ സർക്കാർ ആലോചിക്കണം. അതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം എന്നതാണ് ഈ സബ്മിഷനിലൂടെ എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട വർക്കല കഹാർ പറഞ്ഞ 410 ഏക്കർ വിസ്തീർണ്ണമുള്ള ഈ സ്ഥലത്ത് 106.5 ഹെക്ടർ സ്ഥലം അക്കേഷ്യാ തോട്ടം, 59.42 ഹെക്ടർ സ്ഥലത്ത് യൂക്കാലിപ്സ്, കശുമാവ് എന്നിവയാണുള്ളത്. ഇതിലെ 59.42 ഹെക്ടറിൽ സ്വാഭാവിക വൃക്ഷങ്ങളും മുളയും വളർന്നുവരുന്നുണ്ട്. 2013-ൽ 20 ഹെക്ടർ സ്ഥലത്തെ അക്കേഷ്യാ തോട്ടങ്ങൾ മുറിച്ചുമാറ്റി വനം ദീപ്തി

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതിയിൽ ഉൾപ്പെടുത്തി. തദ്ദേശീയമായ വിവിധയിനം ഫലവൃക്ഷങ്ങൾ, ഔഷധസസ്യങ്ങൾ എന്നിവ നട്ടുവളർത്തി പ്രകൃതിപഠന കേന്ദ്രമാക്കി മാറ്റിയിരിക്കുന്നു. ഇവിടെ അദ്ദേഹം സൂചിപ്പിച്ചത് രണ്ടു പ്രധാനപ്പെട്ട കാര്യങ്ങളാണ്. ഒന്ന്, ഇതുമായി ചേർത്ത് ഒരു സർക്യൂട്ട് പോലെ ഒരു ഇക്കോ ടൂറിസം പദ്ധതി കൊണ്ടുവരാൻ കഴിയുമോ എന്നുള്ളതാണ്. ഇത് ഇക്കോ ടൂറിസം പദ്ധതിയിൽ ഉൾക്കൊള്ളിക്കുന്നതിനുവേണ്ടിയുള്ള നടപടി എടുക്കാൻ വകുപ്പിന് നിർദ്ദേശം കൊടുക്കുന്നതാണ്. കേരളത്തിൽ നാഷണൽ സഫാരി പാർക്കില്ല. അതുകൊണ്ട് ഇതിനെ നാഷണൽ സഫാരി പാർക്കിന്റെ ഭാഗമാക്കാൻ കഴിയുമോ എന്നുള്ളതാണ് മറ്റൊരു നിർദ്ദേശം. കേരളത്തിൽ സഫാരി പാർക്ക് വരുമ്പോൾ ധാരാളം വന്യമൃഗങ്ങൾ വരും. നേരത്തെ തന്നെ തദ്ദേശീയർക്ക് കൂടുതൽ തൊഴിലവസരം ഈ അക്കേഷ്യ തോട്ടത്തിലുണ്ട്. ഈ പ്രദേശം വന്യജീവികളുടെ സ്വാഭാവിക ആവാസ വ്യവസ്ഥയ്ക്ക് പുറത്തുള്ള ജനവാസകേന്ദ്രത്തിലായതിനാൽ വൈൽഡ് ലൈഫ് സഫാരി പാർക്ക് സ്ഥാപിക്കുന്നതിന് ചില പരിമിതികളുണ്ട്. എങ്കിലും ബഹുമാനപ്പെട്ട അംഗം നിർദ്ദേശിച്ചതുപോലെ ഒരു സഫാരി പാർക്കുണ്ടാക്കാൻ കഴിയുമോയെന്നുള്ളത് നാഷണൽ വൈൽഡ് ലൈഫ് ഡിപ്പാർട്ട്മെന്റുമായി ആലോചിക്കുന്നതാണ്. അതിനുശേഷം ഒരു പോസിറ്റീവായ മറുപടി ലഭിക്കുകയാണെങ്കിൽ ഗവൺമെന്റ് നിശ്ചയമായും നടപടി എടുക്കുന്നതാണ്.

(14) കായികതാരങ്ങൾക്കും പരിശീലകർക്കും ആനുകൂല്യങ്ങൾ

<u>ശ്രീ. റ്റി. യു. കുരുവിള</u> : സർ, തുടർച്ചയായി 10-12 വർഷമായിട്ട് ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി കോതമംഗലമാണ് സ്പോർട്സ് രംഗത്ത് മുന്നിൽ നിൽക്കുന്നത്. അതുപോലെ സ്കൂൾ രംഗത്തും കോളേജ് രംഗത്തും മാർ അത്തനേഷ്യസ് കോളേജാണ് മുന്നിട്ട് നിൽക്കുന്നത്. കായിക രംഗത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് പുതുതായി രൂപീകരിക്കാൻ പോകുന്ന കായിക സർവ്വകലാശാല കോതമംഗലം ആസ്ഥാനമായി ആരംഭിക്കുന്നതിന് നടപടിയുണ്ടാകണം. മാർ അത്തനേഷ്യസ് കോളേജ്, സെന്റ് ജോർജ്, മാർ ബേസിൽ, ദന്തൽ കോളേജ് തുടങ്ങിയ കോളേജുകളും അതുപോലെ സ്കൂളുകളും എല്ലാ രംഗങ്ങളിലും മുന്നിൽ നിൽക്കുന്നുണ്ട്. ഇത് കണക്കിലെടുത്ത്, കായിക കേരളത്തിന്റെ തലസ്ഥാനമായ കോതമംഗലത്ത് കായിക സർവ്വകലാശാല സ്ഥാപിക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു. കൂടാതെ, കേരളത്തിൽ ഇന്ന് പുതുതായി റെക്കാർഡുകൾ സൃഷ്ടിക്കുന്നത് ജനറൽ സ്കൂളുകളിലാണ്. എന്നാൽ കായിക രംഗത്ത് സ്പോർട്സ് സ്കൂളുകൾക്കാണ് കൂടുതൽ ആനുകൂല്യം കൊടുക്കുന്നത്. സ്പോർട്സ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് നൽകുന്നതായ ടി.എ., ഡി.എ., പ്രൈസ് മണി, ഡെയിലി അലവൻസ് മുതലായ ഇതര അലവൻസുകൾ ജനറൽ

LIBRARY ARCHIVES Kerala Legislative Assembly